**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12-06-2019-ൽ മറുപടിക്ക്**
**നിയമസഭാ ചോദ്യം നം. 1571**

**ജൈവ വൈപ്പിൻ പദ്ധതി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | നബാർഡ് ആർ.ഐ.ഡി.എഫ് 20 സ്കീമിൽ ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയ്ക്ക് Kerala Coastal Zone Management Authority (KCZMA) യുടെ സ്റ്റോപ്പ് മെമ്മോയും ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള രണ്ട് കേസുകളുമായിരുന്നു തടസ്സമായിട്ടുള്ളത്. എന്നാൽ KCZMA യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി National Centre for Earth Science Studies (NCESS) മുഖാന്തിരം CRZ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കെ.എൽ.ഡി.സി സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 30-04-2019 ൽ ബഹു. കൃഷി വകുപ്പ് മന്ത്രി മുമ്പാകെയും 09-05-2019 ൽ KCZMA മുമ്പാകെയും പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KCZMA യുടെ അജണ്ട നമ്പർ 102.03.07 പ്രകാരം താഴെ പറയുന്ന അനുമതികൾ കൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>1. Environmental Impact Assessment & Environmental Management Plan Study report (EIA & EMP Study report).<br>2. ഡ്രഡ്ജ് ചെയ്ത് ലഭ്യമാകുന്ന മണ്ണ് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് /നീക്കം ചെയ്യുന്നതിന് State Environmental Impact Assessment Authority (SEIAA) യുടെ അനുമതി.<br>3. ആഴം കൂട്ടൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് Ministry of Environmental, Forest & Climatic Change (MOEF & CC) വകുപ്പിന്റെ അനുമതി.<br>4. സംസ്ഥാന നീർത്തട പരിപാലന സംരക്ഷണ അതോറിറ്റിയുടെ അനുമതി. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | KCZMA നിർദ്ദേശിച്ചിട്ടുള്ള മേൽ അനുമതികൾ ലഭ്യമാക്കി KCZMA യുടെ സ്റ്റോപ് മെമ്മോ പിൻവലിക്കുന്ന മുറയ്ക്ക് ടി പദ്ധതി പുനരാരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ